(ബി)-(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിലെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയും ഡോ. സുധീർ കുമാർ കുറ്റക്കാരനാണെന്ന് തെളിയുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ആദ്യനടപടി എന്ന നിലയിൽ അദ്ദേഹത്തെ മാറ്റി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

സീനിയർ അഭിഭാഷകർ

123 (834) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് നടത്തുന്നതിനു വേണ്ടി ഏതെല്ലാം സീനിയർ അഭിഭാഷകരെ ആണ് നിയോഗിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം കേസ്സുകൾക്ക് വേണ്ടിയാണ്;

(സി) ഓരോ കേസ്സിലും എന്തു തുക വീതം നൽകിയിട്ടുണ്ട്;

(ഡി) ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അഡ്വ.ജനറൽ ഉൾപ്പെടെ എത്ര അഭിഭാഷകർ സർക്കാർ വക്കീലന്മാരായി സേവനം അനുഷ്ടിക്കുന്നുണ്ട്;

(ഇ) ഇവർക്കായി പ്രതിമാസം എന്തു തുക വീതം ചെലവഴിക്കുന്നുണ്ട്;

(എഫ്) സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിനായി അഡ്വ.ജനറലും മറ്റ് ഏതെല്ലാം അഭിഭാഷകരും എത്ര പ്രാവശ്യം ഡൽഹി സന്ദർശിച്ചിട്ടുണ്ട്; ഇതിനായി ടി.എ., ഡി.എ. ഇനത്തിൽ എന്തു തുക ചെലവായി;

(ജി) കേരള സർക്കാരിനു വേണ്ടി ഏതെങ്കിലും ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ കേസ് നടത്തുന്നുണ്ടോ;

(എച്ച്) പ്രസ്തുത ട്രൈബ്യൂണലിൽ സീനിയർ അഭിഭാഷകർക്കു വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിനായി 31.7.97 ലെ ജി.ഒ (എം.എസ്)311/97/നിയമം. പ്രകാരം അറ്റോർണി ജനറൽ, സോളിസിറ്റർ ജനറൽ, അഡീഷണൽ സോളിസിറ്റർ ജനറൽ, കെ.കെ. വേണുഗോപാൽ, കെ.എസ്, നരിമാൻ, സോളി.ജെ.സൊറാബ്ജി, പി. സുബ്രമണ്യം പോറ്റി പി.എൽ. വിശ്വനാഥഅയ്യർ, ജി.വിശ്വനാഥഅയ്യർ, കെ. സുകുമാരൻ, ജോൺ മാത്യു, ചൗധരി (മദ്ധ്യപ്രദേശിലെ മുൻ അഡ്വ.ജനറൽ) എ.ശ്രീധരൻ നമ്പ്യാർ എന്നീ പതിമൂന്ന് അഭിഭാഷകരെയാണ് നിയോഗിച്ചിട്ടുള്ളത്. ഇതിൽ ശ്രീമാൻ പി. സുബ്രമണ്യം പോറ്റി സമീപകാലത്ത് അന്തരിച്ചു. അഡ്വ.ജനറൽ, അഡീഷണൽ അഡ്വ.ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, സീനിയർ ഗവ. പ്ലീഡർമാർ, ഗവ.പ്ലീഡർമാർ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവരെയാണ് ഹൈക്കോടതിയിൽ നിയോഗിച്ചിട്ടുള്ളത്. ചില പ്രത്യേക സാഹചര്യങ്ങളിൽ കേസ്സിന്റെ പ്രാധാന്യം കണക്കിലെടുത്തും സംസ്ഥാനത്തിന്റെ പൊതുതാല്പര്യം കണക്കിലെടുത്തും പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ചില അഭിഭാഷകരെയും നിയോഗിക്കാറുണ്ട്.

(ബി) വിശദമായ വിവരം ശേഖരിച്ചു വരുന്നു.

(സി) കൃത്യമായ വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഹൈക്കോടതിയിൽ സർക്കാർ കേസുകൾ നടത്തുന്നതിനായി അഡ്വ.ജനറലിനെ കൂടാതെ അഡീഷണൽ അഡ്വ.ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, നാല് സ്പെഷ്യൽ ഗവ.പ്ലീഡർമാർ, 22 സീനിയർ ഗവ.പ്ലീഡർമാർ, 19 ഗവ.പ്ലീഡർമാർ എന്നിവരുണ്ട്. സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിന് 3 സ്റ്റാൻഡിംഗ് കൗൺസൽമാരേയും 13 സീനിയർ അഭിഭാഷകരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ശ്രീ. പി. സുബ്രമണ്യം പോറ്റി സമീപകാലത്ത് അന്തരിച്ചു. കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണലിലും സുപ്രീംകോടതിയിലും ഹാജരാകുന്നതിന് ഡോ. രാജീവ് ധവാൻ, സീനിയർ അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യേക വൈദഗ്ധ്യം നേടിയ സീനിയർ അഭിഭാഷകരെയും നിയമിക്കാറുണ്ട്.

(ഇ) കൃത്യമായ വിവരം ശേഖരിച്ചു വരുന്നു.

(എഫ്) സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിനായി അഡ്വ.ജനറൽ 36 പ്രാവശ്യം ഡൽഹി സന്ദർശിച്ചിട്ടുണ്ട്. ഫീസിനത്തിൽ 52,080 രൂപയും താമസചിലവിനായി 980 രൂപയും മറ്റ് അലവൻസുകളായി 13,960.25 രൂപയും കൈപ്പറ്റിയിട്ടുണ്ട്. മറ്റ് വിവരം ശേഖരിച്ചുവരുന്നു.

(ജി) കാവേരി വാട്ടർ ട്രൈബ്യൂണലിൽ കേസ് നടത്തിവരുന്നു.

(എച്ച്) കൃത്യമായ വിവരം ശേഖരിച്ചു വരുന്നു.

ആലുവ പാലസ് ഗസ്റ്റ് ഹൗസ്

124 (835)<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ പാലസ് ഗസ്റ്റ് ഹൗസിൽ കിച്ചൻ ബ്ലോക്കിനു മുകളിലായി ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണം എന്നാരംഭിക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി.യിൽ നിന്നും എന്നാണ് എസ്റ്റിമേറ്റ് ലഭിച്ചത്;

(ഡി) എസ്റ്റിമേറ്റിന് ടൂറിസം വകുപ്പ് അംഗീകാരം നൽകുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കി കോൺഫറൻസ് ഹാളിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly